ണ്ടിരിക്കുന്നവർ നമ്മുടെ രാജ്യത്തു് ഒരു പന്ത്രണ്ടായിരത്തിൽ കൂടുതൽ ഉണ്ടാകുമോ എന്നാണു ഞാൻ റവന്യൂമെമ്പറോടു ചോദിയ്ക്കുന്നതു്. അങ്ങിനെയുള്ളവരുടെ എണ്ണം വളരെ അപൂർവ്വമായിരിയ്ക്കും ഇവിടെ കാണുകയുള്ളൂ. ഇത്തരം ഉപക്ഷപങ്ങളിൽ സാമാന്യമായും പൊതുവായുമുള്ള ഒരു മാനദണ്ഡം പറയാമെന്നല്ലാതെ അതിൽ അടങ്ങിയേക്കാവുന്ന എല്ലാ വ്യത്യസ്ഥതകളും എടുത്തു കാണിയ്ക്കുവാൻ സാധിയ്ക്കയില്ല. അത്തരം വ്യത്യസ്ഥതകളെ ഒഴിച്ചു നടപടി നടത്തുന്നതിനെ ഈ ശുപ്രമേയങ്ങൾ എതിർക്കുന്നുമില്ല. അവസാനമായി താഴ്ന്ന തരക്കാരായ കൃഷിക്കാരുടെ മേൽ ചുമത്തിട്ടുള്ള കരം ഒരു പ്രത്യേകതരമായ അർഹതാ സൗജന്യമെന്ന നിലക്കു് ഇളവുചെയ്തുകൊടുക്കുവാൻ ഗവൺമെൻറിനു സാധിയ്ക്കുമെങ്കിൽ അതു് ആലോചിച്ചു നടപ്പിൽ വരുത്തേണ്ടതാണെന്നു അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ ഇതിനെ പിൻവലിയ്ക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion was, with leave, withdrawn,

Demand put and carried.

1. Land Revenue (5) Capital — Cranganur — Rs. 1807.

Mr. K. Achyuta Menon:— Sir, I rise to move for a supplementary grant of Rs. 1807 under 1—Land Revenue—Capital—Cranganur. An additional grant of Rs. 2,807 was voted by the Legislative Council at its Meenom sitting last year towards the amounts to be deposited in court in O. S. 713/31 of the Chowghat Munsiff's Court. But the amount was not drawn anddeposited last year as the party concerned requested for time to pay up the defaulted dues. Since the party has not till now paid up the dues the decree has to be executed after depositing the value of improvements and there is already a provision for Rs. 1000. I request sanction of the House forincurring this expenditure.

Demand put and carried.

Press and Registration of Books Regulation: Amendment Bill (Contd).

മിസ്റ്റർ പി. സി. വക്കി— സർ, വളരെ കുറ്റശമല്ലാത്ത ഒരു പ്രസ്സ് റെഗുലേഷൻ ഈ സഭയിൽ ഹാജരാക്കിയതിനായി ലാ മെമ്പരെ ഞാൻ അഭിനന്ദിക്കുന്നു. ആയുധം പെറുതാണെങ്കിലും കൂർത്തതാക്കാനും പരുക്കേല്പിക്കാനും അതു മതിയാവും. ലാ മെമ്പരുടെ ബിൽ ഉപദ്രവകരമല്ലെന്നു സ്ഥാപിക്കാൻ അതിലടങ്ങിയിട്ടുള്ള ചില രക്ഷാവ്യവസ്ഥകളെ

LIBRARY ARCHIVES Kerala Legislative Assembly